ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.10.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപതി മുർമു അൾജീരിയൻ പ്രസിഡൻറുമായി ഉഭയകക്ഷി ചർച്ച നടത്തി. അൾജീരിയൻ ഇന്ത്യ ഇക്കണോമിക് ഫോറത്തെ രാഷ്ട്രപതി ഇന്ന് അഭിസംബോധന ചെയ്യും.

   President Droupadi Murmu held bilateral talks with Algerian President. President will also address Algerian India Economic Forum today.

2. 2040-ഓടെ 5-ജി ടെലികോം സേവനങ്ങളിലൂടെ 450 ദശലക്ഷം യുഎസ് ഡോളർ നിക്ഷേപം പ്രതീക്ഷിക്കുന്നതായി കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ.

   5G rollover expected to inject 450 million US dollars into Indian economy by 2040, says Union Communications Minister Jyotiraditya Scindia.

3. വയനാട് ദുരന്തത്തിൽ കേന്ദ്ര സഹായം ആവശ്യപ്പെടുന്ന പ്രമേയവും വഖഫ് നിയമ ഭേദഗതി ബിൽ പിൻവലിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയവും കേരള നിയമസഭ ഐകകണ്ഠേന പാസ്സാക്കി.

   The Kerala Assembly unanimously passed a resolution demanding central assistance in the Wayanad disaster and a

resolution requesting the central government to withdraw the Waqf Act Amendment Bill.

4. മലിനീകരണം രൂക്ഷമായ പശ്ചാത്തലത്തിൽ രാജ്യതലസ്ഥാനത്ത് പടക്കങ്ങൾക്ക് നിരോധനം. നിർമ്മാണം, സംഭരണം, വിൽപ്പന എന്നിവയ്ക്കും നിയന്ത്രണം

   Blanket ban imposed on all kinds of firecrackers in the National capital due to rising pollution. Ban to manufacturing, storage and selling also.

5. ഇസ്രയേലിലേക്ക് അത്യാധുനിക മിസൈൽ പ്രതിരോധ സംവിധാനം അയക്കുമെന്ന് അമേരിക്ക. നൂറോളം അമേരിക്കൻ സൈനികരെയും വിന്യസിക്കും.

   United States to send advanced missile defense system and 100 American troops to Israel.

6. ഐഎസ്എസ്എഫ് ജൂനിയർ ലോകകപ്പിന് ഇന്ത്യ ആതിഥേയത്വം വഹിക്കും. ഇന്ത്യ -ന്യൂസിലൻഡ് ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഈ മാസം 24-ന് തുടക്കമാകും.

   India set to host ISSF Junior World Cup. India – New Zealand ODI to begin from 24th of this month.

&&&&&&&&&&&&&&&&&&

## PREZ – ALGERIA

അൾജീരിയ സന്ദർശനത്തിന്റെ രണ്ടാം ദിനമായ ഇന്ന് രാഷ്ട്രപതി ദ്രൗപദി മുർമു അൾജീരിയൻ പ്രസിഡൻറ് അബ്ദുൾ മജീദ് ടെബോണുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി. പ്രതിനിധി തല ചർച്ചയിലും ഇരു നേതാക്കളും

പങ്കെടുത്തു. രക്തസാക്ഷികളുടെ സ്മാരകമായ മഖാം എച്ചാഹിദും മുജാഹിദ് മ്യൂസിയവും രാഷ്ട്രപതി സന്ദർശിച്ചു. മഖാം എച്ചാഹിദിലെ രക്തസാക്ഷി സ്മാരകത്തിൽ ശ്രീമതി മുർമ്മു പുഷ്പചക്രം അർപ്പിച്ചു. നേരത്തെ അൾജിയേഴ്സിലെ എൽ മോറാദിയ കൊട്ടാരത്തിൽ എത്തിയ രാഷ്ട്രപതിക്ക് അൾജീരിയൻ പ്രസിഡൻ്റ് ഉജ്വല വരവേൽപ്പ് നൽകി. അൾജീരിയൻ ഇന്ത്യ ഇക്കണോമിക് ഫോറത്തെയും രാഷ്ട്രപതി മുർമു ഇന്ന് അഭിസംബോധന ചെയ്യും. ആഫ്രിക്കൻ സന്ദർശനത്തിൻറെ രണ്ടാം പാദത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ബുധനാഴ്ച മൗറിറ്റാനിയ സന്ദർശിക്കും. തുടർന്ന് ഈ മാസം 17 മുതൽ 19 വരെയാണ് മലാവി സന്ദർശനം.

&&&&&&&&&&&&&&&&&&

**PM- WTSA**

ഇൻ്റർനാഷണൽ ടെലികമ്മ്യൂണിക്കേഷൻ യൂണിയൻ്റെ വേൾഡ് ടെലികമ്മ്യൂണിക്കേഷൻ സ്റ്റാൻഡേർഡൈസേഷൻ അസംബ്ലിക്ക് നാളെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കമാകും. പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. ആദ്യമായാണ് ഇന്ത്യ പരിപാടിക്ക് ആതിഥേയത്വം വഹിക്കുന്നത്. ഇന്ത്യ മൊബൈൽ കോൺഗ്രസും ശ്രീ മോദി ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&

## DELHI FIRE CRACKERS

ഡൽഹിയിൽ വായു മലിനീകരണം നിയന്ത്രണ വിധേയമാക്കുന്നതിന്റെ ഭാഗമായി, എല്ലാത്തരം പടക്കങ്ങളുടെ നിർമ്മാണത്തിനും സംഭരണത്തിനും വിൽപ്പനയ്ക്കും ഡൽഹി സർക്കാർ നിരോധനം ഏർപ്പെടുത്തി. ഇന്ന് മുതൽ അടുത്ത വർഷം ജനുവരി ഒന്ന് വരെയാണ് നിരോധനം. ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴിയുള്ള പടക്കങ്ങളുടെ ഡെലിവറിയും നിരോധിച്ചിട്ടുണ്ട്. പടക്കങ്ങൾ പൊട്ടിക്കുന്നതും തടഞ്ഞിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

## JAISHANKAR eMIGRATE PORTAL- INTRO

ഇന്ത്യക്കാർക്ക് സുരക്ഷിതവും സുതാര്യവും ഉൾക്കൊള്ളുന്നതുമായ സഞ്ചാരം സാധ്യമാക്കുന്നതിനുള്ള സർക്കാരിൻ്റെ ശ്രമങ്ങളുടെ തെളിവാണ് ഇ-മൈഗ്രേറ്റ് വി 2.0 പോർട്ടലെന്ന് വിദേശകാര്യ മന്ത്രി ഡോ എസ് ജയശങ്കർ. ഇ-മൈഗ്രേറ്റ് വി2.0 വെബ് പോർട്ടലിനും, മൊബൈൽ ആപ്പിനും ഡൽഹിയിൽ തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്.......)

പോർട്ടലിൻ്റെ കാര്യക്ഷമത വർധിപ്പിക്കുന്നതിന്

സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്നും വിദേശകാര്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**SC-COVID19**

കോവിഡ് പ്രതിരോധ കുത്തിവയ്പ്പുകൾ സ്വീകരിച്ചവരിൽ രക്തം കട്ടപിടിക്കുന്നതുപോലുള്ള ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി ആരോപിച്ചുള്ള പൊതു താൽപര്യ ഹർജി സുപ്രീം കോടതി തള്ളി. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്, അധ്യക്ഷനായ ബെഞ്ചാണ് ഹർജി തള്ളിയത്.

&&&&&&&&&&&&&&&&&&

**GADKARI-BIOFUEL**

രാജ്യത്തുടനീളം എഥനോൾ ജൈവ ഇന്ധനത്തിൻ്റെ 400 പമ്പുകൾ സ്ഥാപിക്കുമെന്ന് കേന്ദ്ര റോഡ് ഗതാഗത, ഹൈവേ മന്ത്രി നിതിൻ ഗഡ്കരി. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ജൈവ ഊർജ്ജ ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മൂന്ന് വ്യത്യസ്ത ഓട്ടോമൊബൈൽ ബ്രാൻഡുകളിലായി ഫ്ലെക്സ് എഞ്ചിൻ വാഹനങ്ങൾ പുറത്തിറക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു. രാജ്യത്ത് ജൈവ ഇന്ധനം ലാഭത്തിലാണെന്നും ശ്രീ ഗഡ്കരി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&&

## SCINDIA– SYMPOSIUM

2040-ഓടെ 5-ജി ടെലികോം സേവനത്തിലൂടെ രാജ്യത്തെ സമ്പദ് വ്യവസ്ഥയിലേക്ക് 450 ദശലക്ഷം യുഎസ് ഡോളറിന്റെ നിക്ഷേപം പ്രതീക്ഷിക്കുന്നതായി കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. ന്യൂഡൽഹിയിൽ നടന്ന അഞ്ചാമത് ഗ്ലോബൽ സ്റ്റാൻഡേർഡ് സിമ്പോസിയത്തിൻറെ ഉദ്ഘാടന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ 22 മാസങ്ങൾക്കിടെ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും 5ജി ടെലികോം സേവനങ്ങൾ ലഭ്യമാക്കിയതായും 80 ശതമാനം ജനങ്ങൾക്കും ടെലികോം സേവനം നൽകാനായതായും കേന്ദ്രമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

## HINDI DAY

തിരുവനന്തപുരം ആകാശവാണി നിലയത്തിൽ സെപ്റ്റംബർ 14 മുതൽ ഒരു മാസമായി നടന്നുവന്ന ഹിന്ദി ഔദ്യോഗിക ഭാഷാ മാസാചരണത്തിന് ഇന്ന് സമാപനമായി. മലയിൻകീഴ് ഗവണ്മെൻറ് മുൻ പ്രിൻസിപ്പൽ സുമ അജിത്കുമാർ സമാപനച്ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തി.

മാസാചരണത്തിൻറെ ഭാഗമായി ആകാശവാണിയിൽ നടന്ന വിവിധ മത്സരങ്ങളിലെ വിജയികൾക്ക് സമാപന ചടങ്ങിൽ ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു. ആകാശവാണി തിരുവനന്തപുരം നിലയം മേധാവി കെ സുബ്രഹ്മണ്യൻ അയ്യർ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## INDIA CANADA DIPLOMATS

ഇന്ത്യൻ ഹൈക്കമ്മീഷണർ സഞ്ജയ് കുമാർ വർമ്മയെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തിയ കാനഡയുടെ തീരുമാനത്തിൽ അതൃപ്തി അറിയിച്ച് കേന്ദ്ര വിദേശകാര്യ മന്ത്രാലയം. കാനഡയിൽ നിന്നുള്ള നയതന്ത്ര ആശയവിനിമയത്തിന് മറുപടിയായാണ് മന്ത്രാലയം നിലപാട് വ്യക്തമാക്കിയത്. അപകീർത്തികരമായ പരാമർശങ്ങളാണ് ഉന്നയിക്കുന്നതെന്നും, വോട്ട് ബാങ്ക് രാഷ്ട്രീയം ലക്ഷ്യമിട്ടുള്ള രാഷ്ട്രീയ അജണ്ടയാണിതെന്നും വിദേശകാര്യ മന്ത്രാലയം ആരോപിച്ചു.

&&&&&&&&&&&&&&&&&&

## UNITED STATES –ISRAEL

ഇസ്രയേലിലേക്ക് അത്യാധുനിക മിസൈൽ പ്രതിരോധ സംവിധാനവും അത് പ്രവർത്തിപ്പിക്കുന്നതിനായി നൂറോളം അമേരിക്കൻ സൈനികരെയും അയക്കുമെന്ന് അമേരിക്ക . ടെർമിനൽ ഹൈ ആൾട്ടിറ്റ്യൂഡ് ഏരിയ ഡിഫൻസ്

സിസ്റ്റത്തെയും അതിൻ്റെ ജീവനക്കാരെയും ഇസ്രായേലിലേക്ക് അയയ്ക്കാൻ പ്രസിഡൻ്റ് ജോ ബൈഡൻ പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിനോട് ഉത്തരവിട്ടതായാണ് റിപ്പോർട്ട്.

&&&&&&&&&&&&&&&&&&

## JOSHI-WORLD STANDARD DAY- INTRO

ദേശീയ ഗുണനിലവാര മാനദണ്ഡങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സർക്കാർ പ്രഥമ പരിഗണന നൽകുന്നതായി കേന്ദ്ര ഉപഭോക്തൃകാര്യ മന്ത്രി പ്രൽഹാദ് ജോഷി. ന്യൂഡൽഹിയിൽ നടന്ന ലോക നിലവാരദിന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്................. )

&&&&&&&&&&&&&&&&&&

## NATIONAL WATER AWARDS

2023 ലെ ദേശീയ ജല അവാർഡ് ജേതാക്കളെ പ്രഖ്യാപിച്ചു. ഏറ്റവും മികച്ച സംസ്ഥാനങ്ങൾക്കുള്ള അവാർഡിന് ഒഡിഷയും ഉത്തർപ്രദേശും അർഹരായതായി കേന്ദ്ര മന്ത്രി സി.ആർ.പാട്ടീൽ ന്യൂഡൽഹിയിൽ അറിയിച്ചു. ഈ മാസം 22 ന് രാഷ്ട്രപതി ദ്രൗപതി മുർമു അവാർഡുകൾ സമ്മാനിക്കും.

&&&&&&&&&&&&&&&&&&

## WAYANAD

വയനാട് ദുരന്തത്തിൽ കേന്ദ്ര സഹായം ആവശ്യപ്പെടുന്ന പ്രമേയം നിയമസഭ ഐകകണ്ഠേന പാസ്സാക്കി. മന്ത്രി എം ബി രാജേഷ് ആണ് പ്രമേയം സഭയിൽ അവതരിപ്പിച്ചത്. വയനാട് പുനരധിവാസവും, കേന്ദ്ര സഹായം ഉറപ്പു വരുത്തലും സംബന്ധിച്ച് പ്രതിപക്ഷം കൊണ്ടുവന്ന ഉപക്ഷേപവും നിയമസഭ ഇന്ന് വിശദമായ ചർച്ച ചെയ്തു. ദുരന്തത്തിൽ കേന്ദ്രസഹായം ഇതുവരെ ലഭ്യമായില്ല എന്നത് ഗുരുതരമായ വിഷയമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. അതേസമയം, ദുരന്തത്തെ നേരിടുന്നതിന് കേന്ദ്രസഹായം ലഭിക്കുമെന്ന ശുഭപ്രതീക്ഷയാണ്

സംസ്ഥാനത്തിനുള്ളതെന്നും ദുരന്തത്തെ ഒന്നിച്ചു നേരിടാം എന്ന പ്രതിപക്ഷത്തിന്റെ നിലപാട് സ്വാഗതാർഹമാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## WAQAF

വഖഫ് നിയമ ഭേദഗതി ബിൽ പിൻവലിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം കേരള നിയമസഭ ഐകകണ്ഠേന പാസാക്കി. വഖഫ് വിഷയത്തിലെ സംസ്ഥാന സർക്കാരിന്റെ നിരവധി അധികാരങ്ങൾ കവർന്നെടുക്കുന്നതാണ് ബില്ലിലെ വ്യവസ്ഥകൾ എന്ന് മന്ത്രി വി അബ്ദുറഹിമാൻ അവതരിപ്പിച്ച പ്രമേയത്തിൽ പറയുന്നു.

&&&&&&&&&&&&&&&&&&

## ISSF

ഈ വർഷം ഐഎസ്എസ്എഫ് ജൂനിയർ ലോകകപ്പിന് ഇന്ത്യ ആതിഥേയത്വം വഹിക്കുമെന്ന് ഇൻ്റർനാഷണൽ ഷൂട്ടിംഗ് സ്പോർട്സ് ഫെഡറേഷൻ പ്രസിഡൻ്റ് ലൂസിയാനോ റോസി . ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## WOMEN ODI IND-NZ

ഇന്ത്യ -ന്യൂസിലൻഡ് ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഈ മാസം 24-ന് തുടക്കമാകും. ഈ മാസം 29 വരെ അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ. 2025 ലെ വനിതാ ഏകദിന ലോകകപ്പിന് ആതിഥേയത്വം വഹിക്കുന്ന ഇന്ത്യ മത്സരിക്കാനുള്ള യോഗ്യത നേടി.

&&&&&&&&&&&&&&&&&&

## NOBEL PRIZE ECONOMICS

സാമ്പത്തിക ശാസ്ത്രത്തിനുള്ള ഈ വർഷത്തെ നൊബേൽ പുരസ്കാരം യുഎസ് സാമ്പത്തിക വിദഗ്ധരായ ഡാരൺ അസെമോഗ്ലു, സൈമൺ ജോൺസൺ, ജെയിംസ് റോബിൻസൺ എന്നിവർ പങ്കിട്ടു. സാമൂഹിക സ്ഥാപനങ്ങളുടെ രൂപപ്പെടലും സമൃദ്ധിയും സംബന്ധിച്ച ഗവേഷണത്തിനാണ് പുരസ്കാരം.

&&&&&&&&&&&&&&&&&&

**WOMEN AND CHILD**

വനിതാ ശിശു വികസന മന്ത്രാലയത്തിന്റെ കീഴിലുള്ള എല്ലാ സ്വയംഭരണ സ്ഥാപനങ്ങളും, സ്വച്ഛത മെച്ചപ്പെടുത്തുന്നതിനും തീർപ്പുകൽപ്പിക്കാത്ത പരാതികൾ പരിഹരിക്കുന്നതിനുമായി പ്രത്യേക

കാമ്പയിൻ 4.0 ആരംഭിച്ചു. ഈമാസം രണ്ടിനു തുടങ്ങിയ കാമ്പയിൻ 31 വരെ തുടരും.

&&&&&&&&&&&&&&&&&&

**RAIN**

അടുത്ത മൂന്ന് ദിവസങ്ങളിൽ തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് . കേരളത്തിൽ അതിശക്തമായ മഴ സാധ്യത കണക്കിലെടുത്ത് ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു.

പത്തനംതിട്ട, പാലക്കാട്, കണ്ണൂർ, കാസർഗോഡ്  ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&&&
&&&&&&&&
&&&&&&
&&&&
&&&
&&
&